# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാടായി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ/സി2/764/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 18/08/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാടായി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാടായി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാടായി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-23 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ/സി2/764/2021

തീയ്യതി: 18/08/2021

## കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2019 മുതൽ 09-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 16-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| **തീയതി (മുതൽ)** | **തീയതി (വരെ)** |
|---|---|
| 12-07-2021 | 28-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

(ബി)നിർവഹണാധികാരികൾ

| **പേര്** | **ഔദ്യോഗിക പദവി** | **തീയതി (മുതൽ)** | **തീയതി (വരെ)** |
|---|---|---|---|
| ശ്രീമതി എ സുഹറാബി | പ്രസിഡന്റ് | 01-04-2019 | 12-05-2019 |
| ശ്രീ പവിത്രൻ എം | പ്രസിഡന്റ് | 13-05-2019 | 15-09-2019 |
| ശ്രീമതി എ സുഹറാബി | പ്രസിഡന്റ് | 16-09-2019 | 31-03-2020 |
| ശ്രീ.ചന്ദ്രൻ.എം.വി. | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| **പേര്** | **ഉദ്യോഗപ്പേര്** | **തീയതി (മുതൽ)** | **തീയതി (വരെ)** |
|---|---|---|---|
| ശ്രീമതി അശ്വനി ചെമ്മഞ്ചേരി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 10-12-2019 |
| ശ്രീമതി അനിത സി ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 11-12-2019 | 31-03-2020 |
| ശ്രീ വിനോദ് കുമാർ ടി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ലയ ജയറാം | വി ഇ ഒ, പുതിയങ്ങാടി | 01-04-2019 | 31-03-2020 |
| ശ്രീമതി ഷീന കെ എം | വി ഇ ഒ , മാടായി | 01-04-2019 | 16-10-2019 |
| | | 17-10- | 21-10- |

| | | | |
|---|---|---|---|
| ശ്രീമതി ലയ ജയറാം | വി ഇ ഒ, മാടായി | 2019 | 2019 |
| ശ്രീ പ്രവീൺ കുമാർ പി | വി ഇ ഒ,മാടായി LWA | 22-10-2019 | 19-11-2019 |
| ശ്രീ സുനിൽ കുമാർ പി | വി ഇ ഒ, മാടായി | 20-11-2019 | 31-03-2020 |
| ശ്രീമതി തരുണി എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 09-12-2019 |
| ശ്രീമതി ബീന കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 10-12-2019 | 31-03-2020 |
| ഡോ.ശ്രീലേഖ കെ പി | വെറ്റനറി സർജൻ | 01-04-2019 | 01-10-2019 |
| ഡോ.സരിഗ പി | വെറ്റിനറി സർജൻ | 02-10-2019 | 31-03-2020 |
| ഡോ.സമീർ പി കെ | മെഡിക്കൽ ഓഫീസർ, പിഎച്ച്സി,മുട്ടം | 01-04-2019 | 31-03-2020 |
| ഡോ.രശ്മി എൻ ഇ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 01-06-2019 |
| ഡോ.സൂബിമോൾ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 02-06-2019 | 31-03-2020 |
| ശ്രീ ഫാറൂഖ് എം കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി ഗീത വി കെ | ഹെഡ് മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീ.ജോസ് ജയകുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shaheen.P (Asst. Audit Officer, On 30-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-08-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Shaheen.P (Asst. Audit Officer, On 30-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-08-2021) | 1-2 |
| 3 | സാമ്പത്തികവിശകലനം<br>Written By: Shaheen.P (Asst. Audit Officer, On 30-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Shaheen.P (Asst. Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Shaheen.P (Asst. Audit Officer, On 30-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-08-2021) | 1-5 |
| 6 | വിനിയോഗത്തിലെ കുറവ്-ഗ്രാമപഞ്ചായത്തിന് 2.16കോടി രൂപ നഷ്ടപ്പെട്ടു.<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-08-2021) | 1-5-1 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി<br>Written By: Nisha K (Senior Grade Auditor, On 30-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-08-2021) | 1-6 |
| 8 | മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - പൊതു അവലോകനം<br>Written By: Nisha K (Senior Grade Auditor, On 29-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-08-2021) | 1-6-1 |
| 9 | ക്യാഷ് ബാലൻസ്<br>Written By: Nisha K (Senior Grade Auditor, On 30-07-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 30-07-2021) | 1-7 |
| 10 | ക്ഷേമപദ്ധതികൾ<br>Written By: Anu Abraham (Auditor, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Nisha K (Senior Grade Auditor, On 29-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-08-2021) | 1-9 |
| 12 | ഇ-ടെണ്ടർ വഴി നടപ്പാക്കിയ പ്രവൃത്തികൾ - ടെണ്ടർഫാറം വിലപഞ്ചായത്തിൽ വരവുവന്നിട്ടില്ല.<br>Written By: Shaheen.P (Asst. Audit Officer, On 30-07-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 30-07-2021) | 1-10 |
| 13 | തൊഴിൽ നികുതി അപാകതകൾ | 1-11 |

| | | |
|---|---|---|
| | Written By: Pramod K (Auditor, On 29-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-08-2021) | |
| 14 | പഞ്ചായത്തു പരിധിയിലെ റേഷൻ കടകൾ FTE&OS ലൈസൻസ് എടുക്കുന്നില്ല.<br>Written By: Anu Abraham (Auditor, On 30-07-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 30-07-2021) | 1-12 |
| 15 | ലേലം-ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങിയില്ല<br>Written By: Anu Abraham (Auditor, On 30-07-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 30-07-2021) | 1-13 |
| 16 | അടിയന്തര തെരുവ് വിളക്ക് റിപ്പയർ - അപാകങ്ങൾ-78962/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.<br>Written By: Nisha K (Senior Grade Auditor, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-08-2021) | 1-14 |
| 17 | തനത് ഫണ്ട് വൌച്ചറുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ - 26765/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു<br>Written By: Nisha K (Senior Grade Auditor, On 29-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-08-2021) | 1-15 |
| 18 | ഫിഷറീസ് പി എച്ച് സി ക്ക് വാട്ടർ കണക്ഷൻ - പദ്ധതി പൂർത്തീകരിച്ചിട്ടില്ല - 15230/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.<br>Written By: Nisha K (Senior Grade Auditor, On 29-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-08-2021) | 1-16 |
| 19 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 29-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-08-2021) | 1-17 |
| 20 | പൊതുകുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 29-07-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 30-07-2021) | 1-18 |
| 21 | പാലിയേറ്റിവ് പരിചരണ പദ്ധതി അപാകതകൾ<br>Written By: Sabitha.K (Auditor, On 29-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-08-2021) | 1-19 |
| 22 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Pramod K (Auditor, On 29-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-08-2021) | 1-20 |
| 23 | ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം നൽകി -38800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sabitha.K (Auditor, On 29-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-08-2021) | 1-21 |

| | | |
|---|---|---|
| 24 | ശുചിത്വമിഷൻ ഗ്രാന്റിനത്തിൽ ലഭിച്ച 16 ലക്ഷം രൂപ വിനിയോഗിക്കാതെ തിരിച്ചടച്ചു. മാലിന്യ നിർമ്മാർജനത്തിനുള്ള പ്രവർത്തനങ്ങൾ ഫലപ്രദമല്ല<br>Written By: Shaheen.P (Asst. Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-08-2021) | 1-22 |
| 25 | ജനറൽ പർപ്പസ് ഫണ്ട് 13,24,000 രൂപ നഷ്ടപ്പെട്ടു.<br>Written By: Shaheen.P (Asst. Audit Officer, On 30-07-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 30-07-2021) | 1-23 |
| 26 | സ്വയംപര്യാപ്ത കാർഷിക ഗ്രാമം - ജില്ലാ പഞ്ചായത്ത് വിഹിതം 100000 രൂപ നഷ്ടപ്പെടുത്തി.<br>Written By: Shaheen.P (Asst. Audit Officer, On 30-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-08-2021) | 1-24 |
| 27 | ലൈഫ് ഭവന നിർമ്മാണം ജനറൽ-തുക അനുവദിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Pramod K (Auditor, On 29-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-08-2021) | 1-25 |
| 28 | പട്ടികജാതിക്കാരായ കുടുംബങ്ങൾക്ക് കെ.ഡബ്യു.എ. കുടിവെള്ള പൈപ്പുലൈനിൽ നിന്ന് വാട്ടർ കണക്ഷൻ ലഭിക്കുന്നതിന് സബ്സിഡി-ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല- ₹5299 തടസ്സപ്പെടുത്തുന്നു.<br>Written By: Anu Abraham (Auditor, On 30-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-08-2021) | 1-26 |
| 29 | കുതിരുമ്മൽ കോളനിയിലേക്ക് ഇലക്ട്രിക് ലൈൻവലിക്കൽ -പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-കെ.എസ്.ഇ.ബി യിൽ ഡെപോസിറ്റ് ചെയ്ത ₹49,266 തടസ്സപ്പെടുത്തുന്നു.<br>Written By: Anu Abraham (Auditor, On 30-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-08-2021) | 1-27 |
| 30 | കുണ്ടായിട്ടമ്മൽ കോളനി & വയലപ്രയുവജന വായനശാലക്കു സമീപം കെ.ഡബ്യു.എ.കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ- പദ്ധതി പൂർത്തീകരിച്ചിട്ടില്ല-2,70,000 തടസ്സപ്പെടുത്തുന്നു<br>Written By: Anu Abraham (Auditor, On 30-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-08-2021) | 1-28 |
| 31 | ക്ഷീര കർഷകർക്ക് പാലിന് അധിക വില | 1-29 |

| | | |
|---|---|---|
| | നൽകൽ -₹ 3,60,000 തടസ്സപ്പെടുത്തുന്നു.<br>Written By: Anu Abraham (Auditor, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-08-2021) | |
| 32 | പട്ടികജാതി കമ്യൂണിറ്റിഹാൾ ലൈബ്രറിക്ക് ഫർണിച്ചർ വാങ്ങൽ-കുറഞ്ഞ നിരക്കുള്ള മോഡലുകൾ നിരസിച്ചതിന്റെ കാരണം വ്യക്തമല്ല.<br>Written By: Anu Abraham (Auditor, On 30-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 13-08-2021) | 1-30 |
| 33 | സമയബന്ധിതമായി കരാർ ചമക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല - 32,707/- രൂപ ഈടാക്കേണ്ടതാണ്.<br>Written By: Shaheen.P (Asst. Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-08-2021) | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shaheen.P (Asst. Audit Officer, On 31-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-08-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shaheen.P (Asst. Audit Officer, On 31-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-08-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 30-07-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 30-07-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Shaheen.P (Asst. Audit Officer, On 30-07-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 30-07-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shaheen.P (Asst. Audit Officer, On 30-07-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 30-07-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shaheen.P (Asst. Audit Officer, On 30-07-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 30-07-2021) | 4-7 |
| 8 | | 4-8 |

| | | |
|---|---|---|
| | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shaheen.P (Asst. Audit Officer, On 30-07-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 30-07-2021) | |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shaheen.P (Asst. Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shaheen.P (Asst. Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shaheen.P (Asst. Audit Officer, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-08-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്സ് | |

# ഭാഗം -1

## 1-1 ബജറ്റ്

26-02-2019 തീയതിയിലെ 1/1/2019 തീരുമാന പ്രകാരം 2019-20ലെ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ്, 13-03-2020 തീയതിയിലെ 1/1/2020 തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-07-2020 | 20-08-2020 | തിരിച്ചയച്ചിട്ടില്ല |

## 1-3 സാമ്പത്തികവിശകലനം

സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 20015377 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 49270790 |
| ആകെ | 69286167 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56025425 |
| നീക്കിയിരിപ്പ് | 13260742 |
| വരവിനങ്ങളിലുള്ള നഷ്ടം | 32707 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1244322 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15272304 | 15272304 | 10479826 | 4792478 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6619000 | 6619000 | 2770156 | 3848844 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 11680880 | 11680880 | 4478472 | 7202408 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 5885000 | 5885000 | 2187432 | 3697568 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) (ACR പ്രകാരം) | 0 | 4586000 | 4586000 | 2488601 | 2097399 |
| സാക്ഷരത | 4845 | 164 | 5009 | - | 5009 |
| ദുരിതാശ്വാസനിധി | 17442 | 53463 | 70905 | 50000 | 20905 |
| സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം അദേഴ്സ് | - | 121000 | 121000 | 121000 | - |
| കേന്ദ്ര ഫണ്ട് – എസ്.എസ്.എ. | 89070 | 3022 | 92092 | - | 92092 |
| പൂരക പോഷകാഹാരം | 786816 | 907714 | 1694530 | 850000 | 844530 |
| ടോയ് ലറ്റ് നിർമ്മാണം എയ്ഡഡ് സ്കൂൾ | 450000 | 0 | 450000 | 88619 | 361381 |
| ശുചിത്വമിഷൻ തുമ്പൂർമുഴി | 1600000 | 0 | 1600000 | 1600000 | 0 |
| വാർഡ് തല ശുചിത്വ ഫണ്ട് | 0 | 200000 | 200000 | 0 | 200000 |
| ഒ ഡി എഫ് | 58800 | 228000 | 286800 | 120000 | 166800 |
| വിമുക്തി | 55190 | 0 | 55190 | 32790 | 22400 |
| ഇന്റേണൽ ട്രെയിനിംഗ് വേതനം | 0 | 60000 | 60000 | 60000 | 0 |
| ബഡ്സ് സ്കൂൾ | 129354 | 356945 | 486299 | 486299 | 0 |
| അഗതി രഹിത കേരളം | 0 | 562223 | 562223 | 562223 | 0 |
| കുടുംബശ്രീ ബാലസഭ | 0 | 5100 | 5100 | 0 | 5100 |
| കേരളോത്സവം | 0 | 20000 | 20000 | 20000 | 0 |

പദ്ധതിയേതരഗ്രാന്റ് വിനിയോഗ പത്രിക ഐ.കെ.എം. തയ്യാറാക്കിയത് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി വിനിയോഗ വിവരങ്ങൾ

പരിശോധന നടത്തി ബോധ്യപ്പെട്ടതിനു വിധേയമായി അനുബന്ധം-2 സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 184 | 76603256 | 114 | 37256272 | 19 | 68 | 97 | 52 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4 | 3566960 | 2614785 | 73.31 |
| വെറ്ററിനറി സർജൻ | 6 | 6 | 1862454 | 1670618 | 89.70 |
| മെഡിക്കൽ ഓഫീസർ, പിഎച്ച്സി | 5 | 4 | 2242600 | 1533631 | 68.39 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| എസ്.ഐ. ഫിഷറീസ് | 1 | 0 | 150000 | 0 | 0 |
| വിഇഒ പുതിയങ്ങാടി | 6 | 3 | 2910800 | 554000 | 19.03 |
| വിഇഒ മാടായി | 5 | 2 | 4865500 | 1200000 | 24.66 |
| ഐസിഡിഎസ് സൂപ്പർവൈസർ | 6 | 5 | 5065112 | 4951512 | 97.76 |
| സെക്രട്ടറി | 27 | 23 | 7378954 | 4542968 | 61.57 |
| ഹെഡ്മാസ്റ്റർ | 8 | 6 | 1056654 | 372563 | 35.26 |
| ഡെയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 360000 | 360000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 4836546 | 3967781 | 82.03 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 104 | 51 | 42207676 | 15388414 | 36.46 |
| ആകെ | 184 | 114 | 76603256 | 37256272 | 48.64 |

പദ്ധതി ചെലവ് 48.64 മാത്രമാണ്. സാമ്പത്തിക വർഷാവസാനം വരെ ബില്ലുകൾ സമർപ്പിക്കാൻ കാത്തിരുന്നത് ക്യൂ ബില്ലുകളുടെ എണ്ണം കൂടാനും അതുവഴി പദ്ധതിച്ചെലവിൽ കുറവു വരാനും കാരണമായി എന്ന് ഓഡിറ്റിൽ നിരീക്ഷിക്കുന്നു. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പ്രവർത്തന കലണ്ടർ പാലിക്കാനും ഫണ്ട് ലാപ്സാകുന്നത് ഒഴിവാക്കാനും ശ്രദ്ധിക്കേണ്ടതാണ്.ഹെഡ്മാസ്റ്റർ, വി ഇ ഒ അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവു ശതമാനം വളരെ കുറവാണ്. കൃത്യമായ ആസൂത്രണത്തിലൂടെ പദ്ധതി

നിർവ്വഹണം ക്രമീകരിക്കാനും പദ്ധതിപ്പണം പാഴാവാതിരിക്കാനും ഉതകുന്ന തരത്തിലുള്ള നയപരിപാടികൾ സ്വീകരിക്കേണ്ടതും നടപ്പാക്കാൻ കഴിയാത്ത പദ്ധതികൾ ഏറ്റെടുക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-5-1 വിനിയോഗത്തിലെ കുറവ്-ഗ്രാമപഞ്ചായത്തിന് 2.16കോടി രൂപ നഷ്ടപ്പെട്ടു:

2019-20 സാമ്പത്തികവർഷത്തിൽ 62 സ്പിൽ ഓവർ പ്രൊജക്ടുകളും 122 പുതിയ പ്രൊജക്ടുകളും ഉൾപ്പെടെ 184 പ്രൊജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചതിൽ 115 പ്രൊജക്ടുകൾക്ക് തുക ചെലവഴിക്കുവാനാണ് സാധിച്ചത്.വിവിധ പദ്ധതികൾക്കായി 76603256 രൂപ വകയിരുത്തിയതിൽ 37256272 രൂപ മാത്രമാണ്ചെലവഴിച്ചത്.വികസന ഫണ്ട്,മെയിന്റനൻസ് ഫണ്ട് ഇനത്തിൽ ലഭിച്ച തുകയുടെ ചെലവ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വികസന ഫണ്ട് സ്രോതസ്സുകൾ | ലഭിച്ച തുക | ചെലവഴിച്ച തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| പൊതുവിഭാഗം- സാധാരണഫണ്ട് | 15272304 | 10479826 | 4792478 | 68.62 |
| എസ്.സി.പി. | 6619000 | 2770156 | 3848844 | 41.85 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11680880 | 4478472 | 7202408 | 38.34 |
| മെയിന്റനൻസ് ഫണ്ട് ( റോഡ് ) | 5885000 | 2187432 | 3697568 | 37.17 |
| മെയിന്റനൻസ് ഫണ്ട് ( നോൺ റോഡ് ) | 4586000 | 2488601 | 2097399 | 54.27 |
| ആകെ | 44043184 | 22404487 | 21638697 | 50.87 |

സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് ക്യാരിഓവർ വിഹിതം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവഴിക്കാത്ത തുക 21638697/- രൂപ നഷ്ടപ്പെട്ടിരിക്കുകയാണ്(സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018, പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 10 കാണുക). പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലെ പിഴവും മോണിറ്ററിംഗ് സംവിധാനം പ്രവർത്തിക്കാത്തതും നിർവ്വഹിക്കാൻ കഴിയുന്നതിലും കൂടുതൽ പദ്ധതികൾ ഏറ്റെടുത്തതുമാണ് ഫണ്ട് നഷ്ടപ്പെടാനിടയാക്കിയത്. വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കുന്നുവെന്നും അതാത് വർഷം നടപ്പാക്കാൻ കഴിയുന്ന പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കുന്നുള്ളുവെന്നും പദ്ധതിയുടെ പുരോഗതി യഥാസമയം മോണിറ്ററിംഗ് ചെയ്യുന്നുവെന്നും പ്രവർത്തന കലണ്ടർ പ്രകാരം നിർവ്വഹണം പൂർത്തിയാക്കുന്നുവെന്നും ഭരണ സമിതി ഉറപ്പാക്കേണ്ടതാണ്. അതിനനുസൃതമായ മുന്നൊരുക്കങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരും വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റിയും നടത്തേണ്ടതാണ്. പ്രോജക്ടുകളുടെ എണ്ണം കുറച്ച്, ഏറ്റെടുക്കുന്ന പദ്ധതികൾ മുഴുവൻ നടപ്പിലാക്കി പദ്ധതി ചെലവ് പരമാവധി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8876 | 535526 | 544402 | 537006 | 7396 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് | | 11113950 | 11113950 | 11113950 | - |

| | | | | | |
|---|---|---|---|---|---|
| നൽകുന്നത് – റവന്യൂ സാധനഘടകം ഉൾപ്പെടെ | | | | | |
| ക്യാപിറ്റൽ എക്സ്പെൻഡിച്ചർ | – | 9594739 | 9594739 | 9594739 | – |
| ആകെ | 8876 | 21244215 | 21253091 | 21245695 | 7396 |

## 1-6-1 മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - പൊതു അവലോകനം

2019-20 വർഷം ആക്ഷൻ പ്ലാൻ പ്രകാരം 273 പ്രവൃത്തികൾക്ക് അംഗീകാരം കിട്ടിയതിൽ 201 പ്രവൃത്തികൾ നടപ്പാക്കിയതിൽ 166 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. നടപ്പിലാക്കിയവയിൽ 165 എണ്ണം പ്രകൃതി പരിപാലനവുമായി ബന്ധപ്പെട്ടവയും 15 എണ്ണം വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്നതിനായുള്ളതും 21 എണ്ണം ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നവയുമായി ബന്ധപ്പെട്ടവയുമാണ്. ആകെ 38284 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ 82 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ അനുവദിക്കാനും സാധിച്ചിട്ടുണ്ട്.

## 1-7 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.07.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1284 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 26520 | 30 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 90000 | 3 |
| വാർദ്ധക്യകാല പെൻഷൻ | 14067300 | 2374 |
| കർഷകത്തൊഴിലാളി പെൻഷൻ | 224400 | 38 |
| വിധവ പെൻഷൻ | 7204200 | 924 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 429600 | 34 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 2174500 | 377 |

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെക്കുറെ തൃപ്തികരമാണ്. എന്നാൽ ജീവനക്കാരുടെ യാത്രാബത്ത അനുവദിക്കുന്നതിൽ ശരിയായ രീതിയിൽ പരിശോധന നടന്നിട്ടില്ല.

തനത് ഫണ്ട് വൌച്ചറുകൾ ചിട്ടയോടെ സൂക്ഷിച്ചിട്ടുണ്ട്. പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്ററുകൾ ഒഴികെയുള്ള രജിസ്റ്ററുകളെല്ലാം നല്ല രീതിയിൽ സൂക്ഷിക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങുന്ന സാധനങ്ങളുടെ പേരും എണ്ണവും ഏത് തീയതി വാങ്ങി എന്നുമാത്രമാണ് രേഖപ്പെടുത്തുന്നത്. ഇഷ്യൂ ചെയ്തത്, കൈപ്പറ്റിയത്, നീക്കിബാക്കി എന്നീ വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തുന്നില്ല. കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി നിശ്ചിത മാതൃകയിൽ തന്നെ സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളൊന്നും തന്നെ പദ്ധതി അവലോകനം ചെയ്യുകയോ മോണിട്ടറിംഗ് സമിതിയെന്ന നിലയിൽ പുരോഗതി വിലയിരുത്തുകയോ ചെയ്യുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് മിനട്സിൽ പദ്ധതി നിർദ്ദേശങ്ങൾ മാത്രം രേഖപ്പെടുത്തുന്നു. നിക്ഷിപ്തമായ കർത്തവ്യങ്ങൾ നിർവഹിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പു വരുത്തേണ്ടതാണ്.

## 1-10 ഇ-ടെണ്ടർ വഴി നടപ്പാക്കിയ പ്രവൃത്തികൾ - ടെണ്ടർഫാറം വിലപഞ്ചായത്തിൽ വരവുവന്നിട്ടില്ല.

2019-20 വർഷത്തിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവർത്തികളുടെ ടെണ്ടർ ഫാറം വില, ഇഎംഡി എന്നിവ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവു വരുന്നത്. എന്നാൽ ടെണ്ടർഫാറംവില ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനമാകയാൽ ഈയിനത്തിലുള്ള വരവ് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതുണ്ട്. എന്നാൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫാറം വിലയിനത്തിൽ ഇതുവരെയായും ഗ്രാമപഞ്ചായത്തിന് തുകയൊന്നും ലഭിച്ചിട്ടില്ല. ഇ-ടെണ്ടർ മുഖേന നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫാറം വിലയിനത്തിൽ ലഭിക്കേണ്ട തുക സംബന്ധിച്ച് അസിസ്റ്റന്റ് എൻജിനീയർ അതാത് സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിനെ പ്രവൃത്തികളുടെ ലിസ്റ്റ് സഹിതം അറിയിച്ചിട്ടില്ല. ഇക്കാരണത്താൽ ഗ്രാമപഞ്ചായത്തിന് തുക ക്ലെയിം ചെയ്യുവാനും സാധിച്ചിട്ടില്ല. മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫാറം വില ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്ന് ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി അപാകതകൾ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ,സ്വകാര്യമായോ ആയ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം 204ാം വകുപ്പ് , 1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം3,4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകത കാണുന്നു.

1) 2019-20 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

A. റംസി ക്ലിനിക്ക് ,മാടായി

B.ജനകിയ പോളി ക്ലിനിക്ക്, മാടായി

C.ബി എസ് എൻ എൽ പഴയങ്ങാടി.

മേൽ സ്ഥാപനങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കി രസീത് സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2) 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ ധാരാളം കരാറുകാരുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1ടി പി സിദ്ധിക്ക്

2 മുഹമ്മദ് റാഫി

3 ഷിഹാബ്

4കെ കുഞ്ഞഹമ്മദ്

5 ഗോവിന്ദൻ കുട്ടി

6 കെ കൃഷ്ണൻ

7ജിതിൻ ടി വി

8 സി പി സദാശിവൻ

9 ചന്ദ്രൻ

10 വി സന്തോഷ് കുമാർ

11സി നാരായണൻ

12 ഇബ്രാഹിം കുട്ടി

13മുഹമ്മദ് റാഷിദ് സി പി

14 സുരേഷ് കുമാർ എം

15 മനോജ് കുമാർ

16 പ്രജീഷ് വി

17 വിജയൻ

മേൽ സൂചിപ്പിച്ച ഓരോ കരാറുകാരിൽ നിന്നും അർഹമായ തൊഴിൽ നികുതി ഈടാക്കി രസീത് സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

3 . പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന 10 റേഷൻ കടകളിൽ നിന്നും 2019-20 രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കുന്നില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വികരിക്കേണ്ടതാണ്.

## 1-12 പഞ്ചായത്ത് പരിധിയിലെ റേഷൻ കടകൾ FTE&OS ലൈസൻസ് എടുക്കുന്നില്ല.

1996 ലെ കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 232 പ്രകാരം പഞ്ചായത്തു പരിധിയിലുള്ള ഒരു സ്ഥലവും സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ യാതൊരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല. 1996 ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ, ചട്ടം 3, പട്ടിക 1 (ക്രമ നം 149) പ്രകാരം റേഷൻ കടകൾ FTE&OS ലൈസൻസ് എടുത്ത ശേഷം മാത്രമേ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കാൻ പാടുള്ളൂ. എന്നാൽ മാടായി പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 10 റേഷൻ കടകളിൽ ഒന്നുംതന്നെ നാളിതുവരെയായി ലൈസൻസ് എടുത്തിട്ടില്ല. മുൻ റിപ്പോർട്ടിൽ ഇതേ പരാമർശമുണ്ടെങ്കിലും നാളിതുവരെയായി തുടർ നടപടികൾ ഉണ്ടായിട്ടില്ല. ചട്ടം 26, വകുപ്പ് 255 എന്നിവ പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-13 ലേലം-ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങിയില്ല

കൺകെട്ട ചിറ മഞ്ച, ചേരിക്കള്ളി മഞ്ച ,മത്സ്യ മാർക്കറ്റ് എന്നിവയുടെ ലേല ഇനത്തിൽ പഞ്ചായത്തിനു വരുമാനം ലഭിക്കുന്നുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 256 പ്രകാരം ഈ നിയമത്തിലേയും മറ്റേതെങ്കിലും നിയമത്തിലേയും വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്തിന് അവരുടെ കാര്യങ്ങൾ നിറവേറ്റാൻ സർക്കാർ അംഗീകാരത്തോടുകൂടി ബൈലോകൾ ഉണ്ടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ അംഗീകരിച്ച ബൈലോ നിലവിൽ ഇല്ല. ബൈലോ തയ്യാറാക്കി അംഗീകരിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 അടിയന്തര തെരുവ് വിളക്ക് റിപ്പയർ - അപാകങ്ങൾ-78962/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. | 208/2020 |
| പ്രോജക്ടിന്റെ പേര് | അടിയന്തര തെരുവ് വിളക്ക് റിപ്പയർ |
| അടങ്കൽ | 98,000/- |
| ചെലവ് | 78,962/- |
| വൗച്ചർ നം., തീയതി & തുക | 21900688/17.10.2019 - 59,962/- രൂപ |
| | 21900721/26.10.2019 – 19,000/- രൂപ |

പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. LED 15W Bulb – 250 എണ്ണം, LED 12W Bulb –39 എണ്ണം, Bulb Holder - 50 എണ്ണം, സർവീസ് വയർ - 90 M, ഇൻസുലേഷൻ ടാപ്പ് - 7 എണ്ണം എന്നീ സാധനങ്ങളാണ് തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിനായി നീതി ഇലക്ട്രിക്കൽസ് & പ്ലംബിംഗ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത്. ഇവയിൽ ഇൻസുലേഷൻ ടാപ്പ് ഒഴികെയുള്ള സാധനങ്ങളെല്ലാം 20 വാർഡുകളിലെ മെമ്പർമാർക്ക് നൽകിയതായി സ്റ്റോക്ക് രജിസ്റ്റർ പേജ് 2,3,4,5,6 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഡ്

2,4,14,15 എന്നിവയിലെ മെമ്പർമാർ ഇവ കൈപ്പറ്റിയതായി കാണുന്നില്ല. ടി മെമ്പർമാർക്ക് അനുവദിച്ച സാധനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം | LED 15W Bulb എണ്ണം | LED 12W Bulb എണ്ണം | Service Wire മീറ്റർ |
|---|---|---|---|
| 2 | 10 | 3 | 4 |
| 4 | 14 | 1 | 3 |
| 14 | 17 | 1 | 6 |
| 15 | 16 | 1 | 4 |
| 19 | | 1 | |
| ആകെ | 57 | 7 | 17 |

2. ഇൻസുലേഷൻ ടാപ്പ് - 7എണ്ണം കരാറുകാരനായ ശ്രീ.രാജൻ ടി വി എന്നവർക്ക് നൽകിയതായി സ്റ്റോക്ക് രജിസ്റ്റർ പേജ് 4 ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ടിയാൻ കൈപ്പറ്റിയിട്ടില്ല.

3. LED Bulb – 104 എണ്ണം, ബൾബ് ഹോൾഡർ - 25 , സർവീസ് വയർ 30മീറ്റർ, ഇൻസുലേഷൻ ടാപ്പ് - 7 എന്നിവയാണ് ഉപയോഗിച്ചതെന്ന് കരാറുകാരനായ ശ്രീ.രാജൻ ടി വി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ശേഷിച്ച 140 ബൾബുകളും 25 ഹോൾഡറുകളും 60മീറ്റർ സർവീസ് വയറുകളും തിരിച്ചേൽപ്പിച്ചതായി കാണുന്നില്ല.

4. കരാറിലെ വ്യവസ്ഥ 5പ്രകാരം തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിന് KSEB യുടെ മുൻകൂർ അനുമതി കരാറുകാരൻ വാങ്ങണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അപ്രകാരമുള്ള അനുമതി കരാറുകാരൻ വാങ്ങിയതായി കാണുന്നില്ല.

5. അതാത് വാർഡിലെ മെമ്പർമാരാണ് പ്രവൃത്തി പൂർത്തീകരിച്ചതായി സാക്ഷ്യപ്പെടുത്തിയത്.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.20 തീയതി 25.7.2021 ന് ഒപ്പ് ഇടാൻ വിട്ടുപോയ മെമ്പർമാരുടെ ഒപ്പ് വാങ്ങിയിട്ടുണ്ടെന്നും ക്രമ നം.3 പ്രകാരം ശേഷിച്ച സാധനങ്ങൾ 2.8.2019 ന് ഉപയോഗിച്ചതായി കരാറുകാരൻ സാക്ഷ്യപത്രം നൽകിയിട്ടുണ്ടെന്നും ആയത് ഫയലിൽ ഉൾപ്പെടുത്തുവാൻ വിട്ടുപോയതാണെന്നും വാർഡ്തല ഇലക്ട്രിക്ക് കമ്മിറ്റി കൺവീനർ എന്ന നിലയിലാണ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയതെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. പരിശോധനാ വേളയിൽ മേൽ പരാമർശിച്ച കാര്യങ്ങൾ ഒന്നും തന്നെ രേഖകൾ സഹിതം ബോധ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 78,962/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-15 തനത് ഫണ്ട് വൌച്ചറുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ - 26765/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു

2019-20 വർഷത്തെ തനത് ഫണ്ട് വൌച്ചറുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. & തീയതി തുക | ചെലവ് വിവരം | അപാകം |
|---|---|---|---|
| 1 | 21901006/13.1.20 13965/-രൂപ | ഹരിതകർമ്മസേനാംഗങ്ങൾക്ക് കോട്ട് വാങ്ങിയത് - ഗ്രീൻ ജനറൽ ട്രേഡിംഗ്, കണ്ണൂരിന് നൽകിയത് | തനത് ഫണ്ടിലേക്ക് തുക റീക്കൂപ്പ് ചെയ്തിട്ടില്ല |
| 2 | 21901137/18.2.20 12800/-രൂപ | ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കൽ - വാർഡ് തല ടീമിനുള്ള ഏകദിന പരിശീലന ചെലവ് | കില ഫണ്ടിൽ നിന്നും ലഭ്യമാക്കി തനത് ഫണ്ടിൽ റീക്കൂപ്പ് ചെയ്തിട്ടില്ല. |
| | 26765/-രൂപ | | |

അപാകങ്ങൾക്ക് വിശദീകരണം / രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറി നം.5/19-07-2021 ന് ക്രമ നം.1ന് സർക്കാർ ഉത്തരവ് പ്രകാരമാണ് തുക ചെലവഴിച്ചതെന്നും ക്രമ നം.2 ന് കില ഫണ്ടിൽ നിന്നും തുക ലഭ്യമാക്കി തനത് ഫണ്ടിൽ റീക്കൂപ്പ് ചെയ്യുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. റീക്കൂപ്പ് ചെയ്യുന്നതു വരെ 26765/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 ഫിഷറീസ് പി എച്ച് സി ക്ക് വാട്ടർ കണക്ഷൻ - പദ്ധതി പൂർത്തീകരിച്ചിട്ടില്ല - 15230/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

| |
|---|
| പദ്ധതിയുടെ വിശദാംശങ്ങൾ |
| നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി<br>പ്രോജക്റ്റ് നം. - 88/2020 |

പ്രോജക്ടിന്റെ പേര് - ഫിഷറീസ് പി എച്ച് സി ക്ക് വാട്ടർ കളക്ഷൻ

അടങ്കൽ - 15230 (CFCG)

ചെലവ് - 15230 (CFCG)

ബിൽ നം. & തീയതി - 22/11.12.2019

കേരള വാട്ടർ അതോറിറ്റിക്ക് മേൽ ബിൽ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ പ്രവൃത്തി പൂർത്തിയായതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുകയായ 15230/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-17 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ഐ കെ എം വിഹിതം നൽകൽ എന്ന പദ്ധതിക്ക് വികസന ഫണ്ടിൽ നിന്ന് 83,935/- രൂപ നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി പിൻവലിച്ച് (ബിൽ നം. 5/19-20//23.7.19) ഐ കെ എം പ്രോജക്ട് ഡയറക്ടറുടെ പേരിലുള്ള അക്കൌണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുകയും ആയതിന്റെ കൈപ്പറ്റ് രസീത് ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല.

വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.2 ന് ഐ കെ എം വിഹിതം അടച്ചതിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഐ കെ എം തയ്യാറാക്കി വരുന്നതായും ആയത് ഓഡിറ്റ് പൂർത്തിയാകുന്ന മുറയ്ക്ക് ലഭ്യമാക്കുമെന്ന് ഐ കെ എം അറിയിച്ചിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്.

വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-18 പൊതുകുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല

പഞ്ചായത്തിലെ കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും 900000/-രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. 2019 ഏപ്രിൽ മാസം മുതൽ 2020 മാർച്ച് മാസം വരെയായി 8,13,876/- രൂപ വെള്ളക്കരമായി ഒടുക്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 162 ടാപ്പുകൾ ഉണ്ട്. ഓരോ ടാപ്പിനും പ്രതിവർഷം 5250/- രൂപ നിരക്കിലാണ് വെള്ളക്കരം ഈടാക്കുന്നത്. G.O.(Rt) No.2242/2011/LSGD തീയതി. 29.9.2011 ഉത്തരവ് പ്രകാരം സംയുക്ത പരിശോധന നടത്താൻ വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും (കത്ത് നം.എ2-6277/18 തീയതി 31.10.2018) നാളിതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. ടാപ്പുകൾ എവിടെയെല്ലാം സ്ഥാപിച്ചുവെന്നും പ്രവർത്തനക്ഷമമായ ടാപ്പുകൾ എത്രയെന്നും സ്ട്രീറ്റ് ടാപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.13 തീയതി 22.7.2021).

പൊതു ടാപ്പുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി ഉപയോഗത്തിനനുസരിച്ച് മാത്രം വെള്ളക്കരം ഒടുക്കുവാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 പാലിയേറ്റിവ് പരിചരണ പദ്ധതി അപാകതകൾ

1)മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്ട് നമ്പർ :115/2020

പ്രോജക്ടിന്റെ പേര് :പാലിയേറ്റീവ് പരിചരണ പദ്ധതി

വകയിരുത്തിയ തുക : ₹600000/- വികസ ഫണ്ട്

:300000/- ജില്ലാ പഞ്ചായത്ത്

ചെലവ് തുക : ₹820108/-

2019-20 വർഷം മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം കിടപ്പ് രോഗികൾക്ക് മരുന്ന് ലഭ്യമാക്കുന്നതിനുവേണ്ടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് 83000/- രൂപ നൽകിയിട്ടുണ്ട് (ബിൽ നമ്പർ, തീയ്യതി 23/19-20/28.1.20). എന്നാൽ 72,564/-(Invoice No :440/11.4.20,65228 രൂപ, Invoice No :2929/24.5.20,7336രൂപ) രൂപയുടെ മരുന്നുകൾ ലഭിച്ചതിന്റെ ബില്ലുകൾ മാത്രമാണ് ഫയലിൽ ഉള്ളത്. 10436/- രൂപയുടെ മരുന്നുകൾ ഇതുവരെ ലഭ്യമായിട്ടില്ല. ടി തുകയുടെ മരുന്നുകൾ ലഭിച്ചത് സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/23-7-21) 20.7.2021 ന് മേൽ തുകയുടെ ഇൻവോയ്സ് ഇ-മെയിൽ വഴി അയച്ചിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് സ്റ്റോക്കിലെടുത്ത് അനുബന്ധ രേഖകൾ സഹിതം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

2) ഉപകരണങ്ങൾ ലഭ്യമായിട്ടില്ല

പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് നൽകുന്നതിനുവേണ്ടി ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് 261667/- രൂപ (ബിൽ നമ്പർ,തീയ്യതി : 26/19-20,20.3.20) നൽകിയിട്ടുണ്ട്. ഇതിൽ 258477/- രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് ലഭിച്ചിട്ടുള്ളത് .ബാക്കി 3190/-രൂപയുടെ ഉപകരണങ്ങൾ (എയർ ബെഡ്,വാട്ടർ ബെഡ്) ലഭ്യമായിട്ടുണ്ടോ എന്ന വിവരം ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/23.7.21) 20.7.2021 ന് മേൽ തുകയുടെ ഇൻവോയ്സ് ഇ-മെയിൽ വഴി അയച്ചിട്ടുണ്ട് എന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുക്കുന്നതുമാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കിടപ്പു രോഗികളുടെ പരിചരണത്തിന് അത്യാവശ്യമായി നൽകേണ്ട മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതിയുടെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലനം. |
| പ്രൊജക്ട് നം | 87/20 |
| അടങ്കൽ | ₹500000/- [125000- വികസനഫണ്ട് ,<br>₹125000-സംസ്ഥാനാവിഷ്കൃത ഫണ്ട്,<br>₹250000-ഗുണഭോക്തൃവിഹിതം] |
| ചെലവ് | ₹375000<br>(₹125000/- വികസനഫണ്ട് ) |

| | |
|---|---|
| | (₹250000-ഗുണഭോക്തൃവിഹിതം) |
| ബിൽനം/ചെക്ക് നം/തീയ്യതി | 5/2019-20- 7.9.2019 -₹ 125000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

മാടായി ഗ്രാമപഞ്ചായത്ത് വെറ്റിനറി സർജൻ നടപ്പാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി 375000/രൂപ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂരിന് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-21 ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകല്യം നൽകി -38800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ :59/2020

പ്രോജക്ടിന്റെ പേര് :ഇടവിള കൃഷി (പട്ടിക ജാതി)

വകയിരുത്തിയ തുക : ₹50000/- (വികസന ഫണ്ട് )

(ബിൽ നമ്പർ തീയ്യതി ,തുക : 11/19-20, 13.2.20 , 50000/- )

2019-20 വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം VFPCK കൃഷി വിജ്ഞാൻ കേന്ദ്രം ,കാസർഗോഡ് എന്ന സ്ഥാപനത്തിൽ നിന്നും PM Inter Corp Seed Kit ഒന്നിന് 400 രൂപ നിരക്കിൽ 125 എണ്ണം വാങ്ങി പഞ്ചായത്തിലെ 125 പേർക്ക് വിതരണം നടത്തിയിട്ടുണ്ട്.എന്നാൽ മേൽ പദ്ധതിക്ക വേണ്ടി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 28 ഗുണഭോക്താകൾ മാത്രമാണ് ഉള്ളത് ബാക്കി ഗുണഭോക്താക്കളെ അംഗീകരിച്ചത് സംബന്ധിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ആദ്യം പ്രസിദ്ധികരിച്ച ഗുണഭോക്തൃ പട്ടികയിൽ 28 ഗുണഭോക്താകളാണ് ഉണ്ടായിരുന്നത് എന്നും ബാക്കി ഗുണഭോക്താക്കളുടെ പട്ടിക ഭരണസമിതിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരുന്നുവെന്നും ആയത് പ്രകാരമാണ് നടീൽ വസ്തുകൾ നൽകിയത് എന്നുമാണ് അറിയിച്ചത്. ഭരണസമിതിയുടെ അംഗീകാരത്തിന് സമർപ്പിച്ച ലിസ്റ്റ് ഹാജരാക്കുന്നു എന്ന് മറുപടി തന്നുവെങ്കിലും ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയ ഇനത്തിലെ തുകയായ 38,800/- (97x400) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗ്രാമസഭ അംഗീകരിച്ച രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 ശുചിത്വമിഷൻ ഗ്രാന്റിനത്തിൽ ലഭിച്ച 16 ലക്ഷം രൂപ വിനിയോഗിക്കാതെ തിരിച്ചടച്ചു. മാലിന്യ നിർമ്മാർജനത്തിനുള്ള പ്രവർത്തനങ്ങൾ ഫലപ്രദമല്ല

(വൗച്ചർ നമ്പർ 21901422/13-03-2020)

തുക – 16,00,000/- രൂപ

മാലിന്യ സംസ്കരണത്തിന് തുമ്പൂർമുഴി മാതൃകയിലുള്ള മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുന്നതിന് ജില്ലാ ശുചിത്വമിഷൻ കണ്ണൂർ അനുവദിച്ച 16 ലക്ഷം രൂപ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്താനാകാതെ ജില്ലാ ശുചിത്വ മിഷന്റെ 30.01.2020 ലെ 496/2018/എസ് ബി എം കത്തിന്റ അടിസ്ഥാനത്തിൽ തിരിച്ചടച്ചു. ലഭിച്ച 16 ലക്ഷം രൂപ, മാലിന്യ

സംസ്കരണത്തിന് അർഹമായ പ്രാധാന്യം നൽകാത്തതു മൂലം നഷ്ടപ്പെടുത്തിയത് ശരിയായ നടപടിയല്ല. കൂടാതെ തൻവർഷം മാലിന്യം സംസ്കരണത്തിന് വേണ്ടി തയ്യാറാക്കിയ പ്രോജക്ടുകളിൽ ODF ഒഴികെയുള്ളവ നടപ്പാക്കിയിട്ടില്ല. മാലിന്യ സംസ്കരണത്തിന് അർഹമായ പ്രാധാന്യം നല്കുന്നതിനും തയ്യാറാക്കിയ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു

| പ്രോജക്ട് നമ്പർ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ | വിനിയോഗിച്ച തുക |
|---|---|---|---|
| 82/2020 വീടുകളിൽ റിംഗ് കമ്പോസ്റ്റ് വിതരണം | വി ഇ ഒ പുതിയങ്ങാടി | 240000 | 0 |
| 204/20 ബി പി എൽ കുടുംബങ്ങൾക്ക് ഗാർഹിക ശൗചാലയങ്ങളുടെ മാലിന്യസംസ്കരണ ഭാഗം അറ്റകുറ്റപണിക്ക് ധന സഹായം | വി ഇ ഒ പുതിയങ്ങാടി | 500000 | 0 |
| 218/2020 വെളിയിട വിസർജ്ജന മുക്ത പഞ്ചായത്ത് ഗാർഹിക ശൗചാലയം നിർമ്മാണത്തിന് ധനസഹായം | വി ഇ ഒ പുതിയങ്ങാടി | 292600 | 154000 |
| 158/2020 പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ തുമ്പൂർ മുഴി എയ്റോബിക്ക് സ്ഥാപിക്കൽ | അസിസ്റ്റന്റ് എഞ്ചിനിയർ | 20,00,000 | 0 |

## 1-23 ജനറൽ പർപ്പസ് ഫണ്ട് 13,24,000 രൂപ നഷ്ടപ്പെട്ടു.

ജി ഒ (ആർ ടി) 7789/2019/ഫിൻ തീയതി 01.10.2019 ഉത്തരവ് പ്രകാരം ജനറൽ പർപ്പസ് ഫണ്ട് ഏഴാമത്തെ ഗഡുവായി അനുവദിച്ച 13,24,000 സെക്രട്ടറി TR 59(E) ബിൽ പ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന്പിൻവലിച്ച് ട്രഷറി സ്പെഷൽ ടി.എസ്.ബി.എക്കൗണ്ടിലേക്ക് മാറ്റിയിടേണ്ടതാണെങ്കിലും തുക വരവു വന്നിട്ടില്ല. 13,24,000 രൂപ പഞ്ചായത്തിന് നഷ്ടപ്പെടാൻ ഇടയാക്കിയ സാഹചര്യം വിശദീകരിക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (21/26.07.2021) 15.10.2019ന് ബിൽ സമർപ്പിച്ചിരുന്നെന്നും തുക ക്രഡിറ്റായില്ല എന്ന് മനസ്സിലായപ്പോൾ ട്രഷറിയിൽ നിന്നും ക്യൂബിൽ ആണെന്ന് വാക്കാൽ മറുപടി നല്കിയതെന്ന് അറിയിക്കുകയുണ്ടായി. ഇക്കാര്യം സർക്കാറിന്റെ ശ്രദ്ധയിൽപെടുത്തി തുക നേടിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 സ്വയംപര്യാപ്ത കാർഷിക ഗ്രാമം - ജില്ലാ പഞ്ചായത്ത് വിഹിതം 100000 രൂപ നഷ്ടപ്പെടുത്തി.

(വൗച്ചർ നമ്പർ 21901528/31.03.2020)

തുക – 1,00,000/- രൂപ

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 63/19 സ്വയംപര്യാപ്ത കാർഷിക ഗ്രാമം സംയുക്ത പദ്ധതിയിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി അനുവദിച്ച 100000/- രൂപ ജില്ലാ പഞ്ചായത്തിലേക്ക് തിരിച്ചടച്ചിട്ടുണ്ട് (പഞ്ചായത്ത് ഭരണസമിതി തീരുമാന നമ്പർ :- 8/2020 (2)

13.03.2020.). ജില്ലാ പഞ്ചായത്ത് വിഹിതം നഷ്ടപ്പെടുന്നതിന് ഇടയായ സാഹചര്യം വിശദീകരിക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (12/22.07.2021) ജില്ലാ പഞ്ചായത്ത് വിഹിതം ലഭിക്കുന്നതിന് അനിശ്ചിതത്വം നിലനിൽക്കുന്നതിനാലും ഗുണഭോക്തൃ പട്ടികയിൽ ഗ്രാമപഞ്ചായത്ത് വിഹിതത്തിന് അനുസരിച്ച് മാത്രം ഗുണഭോക്താക്കൾ ഉണ്ടായിരുന്നതിനാലും, സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ തുക ലഭിച്ചതിനാലുമാണ് തുക വിനിയോഗിക്കാൻ സാധിക്കാത്തത് എന്ന് കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. കർഷകർക്ക് നൽകേണ്ട തുക വിനിയോഗിക്കാതെ തിരിച്ചടച്ചത് ശരിയായ നടപടിയല്ല. പദ്ധതി ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും കൂടുതൽ ജാഗ്രത കാണിക്കുന്നതിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 ലൈഫ് ഭവന നിർമ്മാണം ജനറൽ-തുക അനുവദിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതിയുടെ പേര് | ലൈഫ് ഭവന നിർമ്മാണം ജനറൽ. |
| പ്രൊജക്ട് നം | 8/20 |
| അടങ്കൽ | ₹3055500/- (₹3055500-വികസനഫണ്ട് ) |
| ചെലവ് | ₹800000( വികസനഫണ്ട് ) |
| ബിൽനം/ചെക്ക് നം/ തീയ്യതി | മേൽ പദ്ധതിക്കായി ചെലവഴിച്ച 800000 രൂപയിൽ ഉൾപ്പെട്ട തുകകൾ<br>(1) 2/19-20 -25.2.2020 -₹ 40000<br>2) 5/19-20-11.3.2020- ₹ 160000<br>(3)4/19-20-29.2.2020-₹ 200000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ,മാടായി സർക്കിൾ,മാടായി ഗ്രാമ പഞ്ചായത്ത്. |

1. മേൽ പദ്ധതി പ്രകാരം കൊവ്വപ്പുറത്ത് ബുഷ്റ (ID.No.4481) യ്ക്ക് ബിൽ നമ്പർ 2,5 ഇവ പ്രകാരം 2019-20-ൽ ഭവന നിർമ്മാണത്തിന് അനുവദിച്ച അഡ്വാൻസ് തുകയായ 40000 രൂപയും, രണ്ടാം ഗഡുവായ 160000 രൂപയും, ബാങ്ക് അക്കൗണ്ടിൽ നൽകിയതിന് ആധാരമായ ബാങ്ക് അക്കൗണ്ടിന്റെ പകർപ്പും, കൈപ്പറ്റ് രശീതും ലഭ്യമാക്കിയിട്ടില്ല.

2.പ്രസ്തുത പദ്ധതി പ്രകാരം ശരീഫ.സി.എച്ച്. (ID.No.4489) എന്നവർക്ക് ഷക്കീർ.എം. എന്ന വ്യക്തിയിൽ നിന്ന് ഭൂമി വാങ്ങിച്ച വകയിൽ ബിൽ നമ്പർ 4 പ്രകാരം ടിയാന്റെ ബാങ്ക് അക്കൗണ്ടിൽ 2,00,000/- രൂപ നൽകിയതിന് ആധാരമായ ബാങ്ക് അക്കൗണ്ടിന്റെ പകർപ്പും, കൈപ്പറ്റ് രശീതും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/20.തീയ്യതി.27.7.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക അനുവദിച്ചതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ 4,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 പട്ടികജാതിക്കാരായ കുടുംബങ്ങൾക്ക് കെ.ഡബ്യൂ.എ. കുടിവെള്ള പൈപ്പ്ലൈനിൽ നിന്ന് വാട്ടർ കണക്ഷൻ ലഭിക്കുന്നതിന് സബ്സിഡി-ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല- ₹5299 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നം. | 127/19-20 |
| പ്രോജക്റ്റിന്റെ പേര് | പട്ടികജാതിക്കാരായ കുടുംബങ്ങൾക്ക് കെ.ഡബ്യൂ.എ. കുടിവെള്ള പൈപ്പ്ലൈനിൽ നിന്ന് വാട്ടർ കണക്ഷൻ ലഭിക്കുന്നതിന് സബ്സിഡി |
| അടങ്കൽ | ₹2,04,618 (SCP) |
| ചെലവ് | ₹1,77,411 |
| ബിൽ നം/ തിയതി | 52/19-20 15.7.19 |

പട്ടികജാതിക്കാരായ കുടുംബങ്ങൾക്ക് കെ.ഡബ്യൂ.എ. കുടിവെള്ള പൈപ്പ്ലൈനിൽ നിന്ന് വാട്ടർ കണക്ഷൻ ലഭിക്കുന്നതിന് ചിലവായ തുക സബ്സിഡി ആയി നൽകുന്നതിനാണ് പ്രൊജക്ട്. കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ഓരോരുത്തർക്കും സബ്സിഡിയായി ചിലവായ തുക നൽകുന്നതാണ്. വത്സല വി എന്ന ഗുണഭോക്താവിന്റെ ജാതി സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (10/19-07-2021) ഉടൻ ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ മേൽ ഗുണഭോക്താവിന് സബ്സിഡി ഇനത്തിൽ അനുവദിച്ച 5299/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 കുതിരുമ്മൽ കോളനിയിലേക്ക് ഇലക്ട്രിക് ലൈൻവലിക്കൽ -പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-കെ.എസ്.ഇ.ബി യിൽ ഡെപോസിറ്റ് ചെയ്ത ₹49,266 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നം. | 109/19-20 |
| പ്രൊജക്റ്റിന്റെ പേര് | വാർഡ് 3 കുതിരുമ്മൽ കോളനിയിലേക്ക് ഇലക്ട്രിക് ലൈൻവലിക്കൽ |
| അടങ്കൽ | ₹50,000 SCP |
| | |

| | |
|---|---|
| ചെലവ് | ₹49,266 |
| ബിൽ നം/തിയതി | 315/19-20 -17.3.20 |

മൂന്നാം വാർഡിലുള്ള കുതിരുമ്മൽ കോളനിയിലേക്ക് ഇലക്ട്രിക് ലൈൻവലിക്കുന്നതിനായി ₹49,266, 17.3.20 ന് KSEB പഴയങ്ങാടി ശാഖയിൽ ഡപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വർക്കിന്റെ നിലവിലെ സ്ഥിതി ആരാഞ്ഞുകൊണ്ട് നൽകിയ എൻക്വയറിക്ക്(നം.10/19.07.2021) ടി പദ്ധതി പൂർത്തീകരിച്ചതാണെന്നും വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയായതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുകയായ 49,266/- രൂപ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം, ബിൽ അബ്സ്ട്രാക്ട് ഇവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 കുണ്ടായിട്ടമ്മൽ കോളനി & വയലപ്രയുവജന വായനശാലക്കു സമീപം കെ.ഡബ്ല്യു.എ.കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ-പദ്ധതി പൂർത്തീകരിച്ചിട്ടില്ല-2,70,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നം | 96/19-20 |
| പ്രോജക്റ്റിന്റെ പേര് | കുണ്ടായിട്ടമ്മൽ കോളനി & വയലപ്രയുവജന വായനശാലക്കു സമീപം കെ.ഡബ്ല്യു.എ.കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ | 2,70,000 SCP |
| ചെലവ് | 2,70,000 |
| ബിൽ നം. | 12/19-20 /21.11.19 |

മേൽ പ്രൊജക്ടിനായി ₹2,70,000, 21.1.20 ന് കേരളാ വാട്ടർ അതോറിറ്റിയിൽ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 10.2.20 ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തളിപ്പറമ്പയുമായി ഉണ്ടാക്കിയ കരാറിൽ 30.6.20 ന മുൻപായി വർക്ക് തീരുമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.എന്നാൽ പദ്ധതി പൂർത്തിയായതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. പദ്ധതിയുടെ നിലവിലെ സ്ഥിതി ആരാഞ്ഞ് നൽകിയ എൻക്വയറിക്ക്(നം.10/19-07-2021) ടി പ്രവർത്തി ഇതുവരെ പൂർത്തിയായിട്ടില്ലെന്നും കരാർ ചെയ്ത് പൈപ്പുകൾ സൈറ്റിൽ എത്തിച്ചിട്ടുണ്ടെന്നും ജലജീവൻ

പദ്ധതി പ്രകാരമുള്ള കുടിവെള്ള പൈപ്പ് ലൈൻ പ്രവൃത്തി നടക്കുന്നതിനാൽ തുക വിനിയോഗിക്കുന്നില്ലെങ്കിൽ സർക്കാരിലേക്ക് തിരിച്ചടക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. മേൽ കാരണങ്ങളാൽ 2,70,000/-രൂപ തടസ്സപ്പെടുത്തുന്നു. തുടർ നടപടികൾ അറിയിക്കേണ്ടതും തുക വിനിയോഗിക്കാൻ സാധ്യതയില്ലെങ്കിൽ വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കി സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

## 1-29 ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ -₹ 3,60,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്റ്റ് നം | 83/19-20 |
| പ്രോജക്റ്റിന്റെ പേര് | ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ |
| അടങ്കൽ | 3,60,000/-<br>[1,20,000 – വികസന ഫണ്ട് -പൊതുവിഭാഗം<br>1,20,000 -ജില്ലാ പഞ്ചായത്ത് വിഹിതം<br>1,20,000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം] |
| ചെലവ് | ₹3,60,000/- |
| ബിൽ നം. | 1/19-20 Dt 22.10.19. ₹1,20,000<br>2/19-20 Dt 20.01.20. ₹1,20,000<br>ചെക്ക് നം.1380737 Dt 18.02.20. ₹1,20,000 |

മാടായി ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരായ ക്ഷീരകർഷകർക്ക് 2019-20 വർഷത്തിൽ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ലിറ്ററിന് 3/- രൂപ പ്രകാരം സബ്സിഡി അനുവദിക്കുന്നതിനാണ് മേൽ പ്രൊജക്റ്റ്. ഫയൽ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1.മാടായി ക്ഷീരവ്യവസായ സഹകരണ സംഘത്തിൽ ഗുണഭോക്താക്കൾ പാൽ അളന്നതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2.2019-20 വർഷത്തെ അന്തിമ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്ത സാവിത്രി പി.വി എന്ന ഗുണഭോക്താവിനു സബ്സിഡി അനുവദിച്ചിട്ടുണ്ട്. ടിയാൻ ഏപ്രിൽ മുതൽ ഫെബ്രുവരി വരെയുള്ള പാൽ സബ്സിഡി ആയി ₹1914 കൈപ്പറ്റിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച അപാകങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/19.07.21) മറുപടി നൽകിയിട്ടില്ല.മറുപടി /രേഖകളുടെ അഭാവത്തിൽ ₹ 3,60,000 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-30 പട്ടികജാതി കമ്മ്യൂണിറ്റിഹാൾ ലൈബ്രറിക്ക് ഫർണിച്ചർ വാങ്ങൽ- കുറഞ്ഞ നിരക്കുള്ള മോഡലുകൾ നിരസിച്ചതിന്റെ കാരണം വ്യക്തമല്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്റ്റ് നം | 131/19-20 |
| പ്രോജക്റ്റിന്റെ പേര് | പട്ടികജാതി കമ്യൂണിറ്റിഹാൾ ലൈബ്രറിക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | 1,17,728 SCP |
| ചെലവ് | 1,17,728 |
| ബിൽ നം/തിയതി | 237/20 17.3.20<br>215/20 17.3.20 |

മേൽ പ്രൊജക്ട് പ്രകാരം 90 Armed Chair(Virgin Plastic) ഫിഡ്കോ എൻറർ പ്രൈസസ്,കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ മുഖേനയും 6 Steel Cabinet With Glass Doors (20g) സിഡ്കോ എന്റർപ്രൈസസിൽ നിന്നും നേരിട്ടുള്ള വാങ്ങൽ മുഖേനയും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.കുതിരുമ്മൽ,പരുത്തിവളപ്പ്,കുണ്ടായിട്ടുമ്മൽ എന്നിവിടങ്ങളിലെ ലൈബ്രറികൾക്ക് 2 അലമാര, 30 കസേര വീതമാണ് വിതരണം ചെയ്തിരിക്കുന്നത്.

കസേര വാങ്ങാനുള്ള ടെണ്ടർ പരസ്യത്തിൽ Armed Plastic Chair(Virgin) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.ഇതനുസരിച്ച് 3 ടെണ്ടറുകൾ ലഭിച്ചു. മൂന്ന് കമ്പനികളും പലതരം കസേരകളുടെ വില വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്ന് ടെണ്ടറിലും പൊതുമായി ഉണ്ടായിരുന്ന Nilkamal 2071 എന്ന ഇനം സെലക്ട് ചെയ്ത് അതിൽ ഏറ്റവും കുറവ് ക്വോട്ട് ചെയ്ത (₹492)ഫിഡ്കോ എൻറർ പ്രൈസസ്,കോഴിക്കോട് എന്ന സ്ഥാപനത്തിനാണ് ടെണ്ടർ നൽകിയിരിക്കുന്നത്. അതിന്റെ സാമ്പിൾ ITI, മാടായി പരിശോധിച്ച് ഗുണമേൻമ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഫിഡ്കോ എൻറർ പ്രൈസസ് തന്നെ ഇതിലും വിലകുറഞ്ഞ മറ്റ് മൂന്ന് കസേരകൾകൂടി ക്വാട്ട് ചെയ്തിട്ടുണ്ട്.

| | |
|---|---|
| Friendly | 322 |
| Kingston | 344 |
| Supreme | 488 |
| Chairman -Eco | 488 |

ടെണ്ടറിൽ പങ്കെടുത്ത മറ്റൊരു സ്ഥാപനമായ മൊണാൽ ട്രേഡിംഗ് കോർപറേഷൻ Nilkamal ന്റെ മറ്റ് രണ്ട് മോഡൽ കൂടി കുറഞ്ഞ വിലയ്ക്ക് ക്വോട്ട് ചെയ്തിട്ടുണ്ട്.

| | |
|---|---|
| Nilkamal 2160 | 490 |
| Nilkamal 7015 | 468 |

എറ്റവും കുറഞ്ഞ വില ക്വാട്ട് ചെയ്ത ഇനം ഒഴിവാക്കി കൂടിയ വിലയുള്ള മോഡൽ അംഗീകരിച്ച് Sample Test ന അയച്ചതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(നം.10/19.07.21) പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ ശുപാർശ പ്രകാരം എല്ലാ ടെണ്ടറുകളിലും രേഖപ്പെടുത്തിയ സാധനങ്ങൾ പരിശോധിച്ച് ആയതിൽ കുറഞ്ഞ വില രേഖപ്പെടുത്തിയ ഫിഡ്കോ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിനാണ് ടെണ്ടർ നൽകിയത് എന്ന മറുപടിയാണ് നൽകിയിരിക്കുന്നത്. എന്നാൽ പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ 19.9.19 ലെ നം4 തീരുമാനപ്രകാരം ടെണ്ടറിൽ പങ്കെടുത്ത വിവിധ കമ്പനികൾ രേഖപ്പെടുത്തിയ പലതരം കസേരകളുടെ വില വിവരത്തിൽ നിന്ന് Nilkamal 2071 എന്ന മോഡൽ സെലക്ട് ചെയ്ത് അതിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ ഫിഡ്കോ എന്റർപ്രൈസസിന്റെ ടെണ്ടർ അംഗീകരിച്ച് സാംമ്പിൾ ക്വാളിറ്റി പരിശോധനയ്ക്ക് അയച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടെണ്ടർ പരസ്യത്തിൽ പറഞ്ഞ മറ്റ് സ്പെസിഫിക്കേഷനുകളിലുള്ളതും വിലകുറഞ്ഞതുമായ മോഡലുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ചതായി രേഖപ്പെടുത്തലുകളില്ല.

ജി.ഒ (പി)നം.3/13 SPD/21.6.13 ഖ.9.16,ഖ.9.17 എന്നിവ പ്രകാരം നിരക്ക്, ഗുണനിലവാരം വില നിബന്ധനകൾ മുതലായവ അടിസ്ഥാനമാക്കി ടെണ്ടറുകൾ താരതമ്യം ചെയ്യേണ്ടതും കുറഞ്ഞ നിരക്കുള്ള ടെണ്ടർ അംഗീകരിക്കേണ്ടതുമാണ്. കുറഞ്ഞ നിരക്ക് സ്വീകാര്യമല്ലാത്ത സംഗതികളിൽ ആയതിനുള്ള കാരണം രേഖപ്പെടുത്തേണ്ടതാണ്. മേൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 സമയബന്ധിതമായി കരാർ ചമക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല - 32,707/- രൂപ ഈടാക്കേണ്ടതാണ്.

കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009.6 അനുസരിച്ച് സെലക്ഷൻ നോട്ടീസിന്റെ തിയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ പ്രവൃത്തി ലഭിച്ച കരാറുകാരൻ കരാർ ഉടമ്പടി ചമച്ചിരിക്കേണ്ടതാണ്. തുടർന്നുള്ള 10 ദിവസങ്ങളിൽ കരാർ തുകയുടെ 1% പിഴ ഈടാക്കിക്കൊണ്ട് കരാർ ചമക്കാൻ അനുവദിക്കാവുന്നതാണ്. എന്നാൽ ചില പ്രവൃത്തികളിൽ സെലക്ഷൻ നോട്ടീസ് ലഭിച്ച് നിശ്ചിത സമയത്തിനുള്ളിൽ കരാർ ചമക്കാത്തതിന് മാന്വലിൽ അനുശാസിക്കുന്ന പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാർ തുക, കരാറുകാരൻ | സെലക്ഷൻ നോട്ടീസിന്റെ തിയതി | പിഴ കൂടാതെ കരാർ ചമക്കേണ്ടിയിരുന്ന അവസാനതിയതി | കരാർ ചമച്ച തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1PAC | 137/2020 കാലിക്കൽ പുതിയ റോഡ് ടാറിംഗ്<br>മുഹമ്മദി റാഫി എം<br>₹399852<br>ബിൽ നം.11/ 13.06.2019<br>₹395147/- | 18.09.2018 | 02.10.2018 | 05.10.2018 | 3999 |

| | | | | | |
|---|---|---|---|---|---|
| 2 | 165/2020 അതിർത്തി റോഡ് മുതൽ സൈദ് ഇബ്രാഹിം വീട് വരെ റോഡ് ടാറിംഗ്<br>PAC 399994<br>ഷിഹാബ് കെ<br>ബിൽ നം.20/ 15.07.2019<br>₹392763 | 18.09.2018 | 02.10.2018 | 04.10.2018 | 4000 |
| 3 | 178/2020 എം എൽ സി കടവ് റോഡ് റീ ടാറിംഗ്<br>PAC 299884<br>മുഹമ്മദ് റാഫി എം<br>ചെക്ക് നം 127644/ 11.07.2019<br>₹282334 | 18.09.2018 | 02.10.2018 | 05.10.2018 | 2999 |
| 4 | 198/2020 മുജീബ് വീട് മുതൽ ഹുസൈൻ വീട് വരെ ടാറിംഗ്<br>മുഹമ്മദ് റാഫി എം<br>PAC 299736<br>ചെക്ക് നം 127644/ 11.07.2019<br>₹281576 | 18.09.2018 | 02.10.2018 | 03.10.2018 | 2997 |
| 5 | 169/2020 ഏരീപ്രം വാട്ടർ ടാങ്ക് റോഡ് ടാറിംഗ്<br>മുഹമ്മദ് റാഫി എം<br>PAC 244927<br>ചെക്ക് നം 127644/ 11.07.2019<br>₹235366 | 18.09.2018 | 02.10.2018 | 05.10.2018 | 2449 |
| 6 | 166/2020 യാസിൻ പള്ളി അംഗൻവാടി റോഡ് റീ ടാറിംഗ്<br>ഷിഹാബ് കെ | 18.09.2018 | 02.10.2018 | 04.10.2018 | 3065 |

| | | | | | |
|---|---|---|---|---|---|
| | PAC 306452<br>ബിൽ നം 21/ 30.07.2019<br>₹296300 | | | | |
| 7 | 46/2020 മുട്ടം മാർക്കറ്റ് റോഡ് റീടാറിംഗ്<br>മുഹമ്മദ് റാഫി എം<br>PAC 192557<br>ചെക്ക് നമ്പർ 855722/ 06.03.2020<br>₹130693/- | 25.10.2019 | 08.11.2019 | 16.11.2019 | 1926 |
| 8 | 194/2020 റിക്കാർഡ് റൂമിനും സർവ്വർ റൂമിനും പാർട്ടീഷൻ<br>തോട്ടത്തിൽ ചന്ദ്രൻ<br>PAC 97799<br>ചെക്ക് നമ്പർ 2886098/ 19.03.2020<br>₹76177/- | 16.09.2019 | 30.09.2019 | 09-10-2019 | 1000 (Minimum) |
| 9 | 188/2020 കാലിക്കൽ കുടിവെള്ള പദ്ധതി<br>PAC 1027181<br>ചെക്ക് നമ്പർ 1380739/ 31.03.2020. ₹495025 | 01.12.2019 | 15.12.2019 | 22.02.2019 | 10272 |
| | | | | | 32707 |

കരാർ ചമക്കുന്നതിന് കാലതാമസത്തിന് പിഴ ഈടാക്കാത്തതിന് വിശദീകരണം നൽകുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 14/26.07.2021)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 16.07.2021 | കെ.എസ്.എ./കെ.എൻ.ആർ./സി.2/764/2021 തീയതി 18.08.2021 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 255000 | നെൽ കർഷകർക്ക് വിത്തും കൂലി ചെലവും | 255000 | 0 |
| | 2019-20 | 375000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്,ബത്ത നല്കൽ, | 375000 | 0 |
| | 2019-20 | 300000 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 300000 | 0 |
| | 2019-20 | 120000 | ക്ഷീരകർഷകർക്ക് പാലിന് അധിക വില നൽകൽ | 120000 | 0 |
| ആകെ | | 1050000 | | 1050000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 375000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്,ബത്ത നല്കൽ, | 375000 | 0 |
| | 2019-20 | 300000 | പാലിയേറ്റീവ് പരിചരണം | 300000 | 0 |
| | 2019-20 | 495025 | കാലിക്കൽ കുടിവെള്ള പദ്ധതി | 495025 | 0 |
| | 2019-20 | 120000 | ക്ഷീരകർഷകർക്ക് പാലിന് | 120000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | അധിക വില നൽകൽ | | |
| ആകെ | | 1290025 | | 1290025 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ ഡബ്ല്യു എ | ഫിഷറീസ് പി എച്ച് സി കുടിവെള്ള കണക്ഷൻ. 188/20 | 07-12-2019 | 15230 | 15230 | 0 |
| കെ എസ് ഇ ബി മാടായി | ഫിഷറീസ് പി എച്ച് സി വൈദ്യുതി കണക്ഷൻ. 189/20 | 07-12-2019 | 16,161 | 16,161 | 0 |
| കെ എസ് ഇ ബി പഴയങ്ങാടി | എരിപ്രം ഭാഗം സ്ട്രീറ്റ് ലൈൻവലിക്കൽ. 221/20 | 28-01-2020 | 21420 | 21420 | 0 |
| കെ എസ് ഇ ബി മാടായി | പുതിയങ്ങാടി അംഗൻവാടി കരന്റ് കണക്ഷൻ. 1225/20 | 28-01-2020 | 55164 | 55164 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

താഴെ പറയും പ്രകാരം 15000രൂപയുടെ ഷെയർ സർട്ടിഫിക്കറ്റുകൾ ഉണ്ട്

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 15000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 15,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15,000 |

വർഷാവസാനം അവശേഷിക്കുന്ന ഷെയർ സർട്ടിഫിക്കറ്റുകളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കണ്ണൂർ കോപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി, ഷെയർ സർട്ടിഫിക്കറ്റ് നം. 7 തീയതി 16.06.15 ,ഷെയർ നമ്പർ 123D | 15,000രൂപ |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|---|---|
| 2016-17 | 2.1 | 2013-14<br>2014-15 | 2-1(I) | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് |
| | | | 2.1(II) | തൊഴിൽ നികുതി അടക്കുന്ന കച്ചവടക്കാരുടെ എണ്ണം കുറവ് |
| | | | 2.1(III) | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി അടക്കാത്തത് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,92,70,790 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 560,25,425 |
| വരവിനങ്ങളിലുള്ള നഷ്ടം | 32707 |
| ചെലവിനങ്ങളിലുള്ള നഷ്ടം -ഭരണതല നടപടികളിലൂടെ ഈടാക്കേണ്ടത് | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1244322 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം (ഗ്രാമപഞ്ചായത്ത് ഈടാക്കേണ്ടത്)

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 19509<br>13198 | അശ്വിനി ചെമ്മഞ്ചേരി, അസി. എഞ്ചിനീയർ<br>അനിത.സി.ടി, അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 78962 | ശ്രീ.ചന്ദ്രൻ എം വി ,സെക്രട്ടറി |
| 1-15 | 26765 | ശ്രീ.ചന്ദ്രൻ എം വി ,സെക്രട്ടറി |
| 1-16 | 15230 | ശ്രീ.ചന്ദ്രൻ എം വി ,സെക്രട്ടറി |
| 1-17 | 83935 | ശ്രീ.ചന്ദ്രൻ എം വി ,സെക്രട്ടറി |
| 1-21 | 38800 | ശ്രീ.വിനോദ്കുമാർ.ടി, കൃഷി ഓഫീസർ |
| 1-25 | 400000 | ശ്രീ.സുനിൽ കുമാർ പി വി,ഇ.ഒ മാടായി |
| 1-26 | 5299 | ശ്രീ.ഫറൂഖ് എം അസിസ്റ്റന്റ് സെക്രട്ടറി |
| 1-27 | 49266 | ശ്രീ.ഫറൂഖ് എം.കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-28 | 270000 | ശ്രീ.ഫറൂഖ് എം.കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-29 | 360000 | ശ്രീ.ജോസ് ജയകുമാർ ഡയറി ഫാം ഇൻസ്പെക്ടർ |
| ആകെ | 1244322 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ചന്ദ്രൻ എം വി, സെക്രട്ടറി | സെക്രട്ടറി പരിയാരം<br>ഗ്രാമപഞ്ചായത്ത് | എം.വി ഹൌസ്, മുണ്ടൂർ<br>പി.ഒ. മുണ്ടൂർ, കണ്ണൂർ |
| ശ്രീ.സുനിൽ കുമാർ പി വി,<br>വി.ഇ.ഒ മാടായി | വി,ഇ.ഒ മാടായി<br>ഗ്രാമപഞ്ചായത്ത് | കിഴക്കേ വീട് മാവിച്ചേരി<br>പയ്യന്നൂർ |
| ശ്രീ.ഫറൂഖ് എം.കെ,<br>അസിസ്റ്റന്റ് സെക്രട്ടറി | ജൂനിയർ സൂപ്രണ്ട്<br>മാടായി ഗ്രാമപഞ്ചായത്ത് | ഫൌസിയ മൻസിൽ<br>ചുമട് താങ്ങി<br>പി ഒ മുണ്ടൂർ കണ്ണൂർ |

| | | |
|---|---|---|
| ശ്രീ.ജോസ് ജയകുമാർ ഡയറി ഫാം ഇൻസ്പെക്ടർ | ഡയറി ഫാം ഇൻസ്ടകർ ഡയറി എക്സ്റ്റൻഷൻ യൂണിറ്റ് തളിപറമ്പ | ശബനം പള്ളിക്കര താവം പി ഒ കണ്ണൂർ |
| അശ്വിനി ചെമ്മഞ്ചേരി, | അസി. എഞ്ചിനീയർ, മാടായി ഗ്രാമപഞ്ചായത്ത് | തിരുവാതിര, മാടായിക്കാവ് നോർത്ത്, പഴയങ്ങാടി.പി.ഒ, 670303 |
| അനിത.സി.ടി, | അസി. എഞ്ചിനീയർ, മാടായി ഗ്രാമപഞ്ചായത്ത് | സീനയ്,പെരിയാട്ട്, പിലാത്തറ, വിളയാങ്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | കെ.എസ്.എ/കെ.എൻ.ആർ/സി12/ 579/2019 തീയതി 03.06.19 | 1 |
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ/സി12/ 579/2019 തീയതി 03.06.19 | 1 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/സി12/ 579/2019 തീയതി 03.06.19 | 4 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/സി12/ 579/2019 തീയതി 03.06.19 | 3 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/സി12/ 579/2019 തീയതി 03.06.19 | 3 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/സി12/ 579/2019 തീയതി 03.06.19 | 9 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി12/ 579/2019 തീയതി 03.06.19 | 5 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/സി12/ 579/2019 തീയതി 03.06.19 | 6 |
| 2010-11,11-12 | കെ.എസ്.എ/കെ.എൻ.ആർ/സി12/ | 3 |

| | | |
|---|---|---|
| | 579/2019 തീയതി 03.06.19 | |
| 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി12/ 579/2019 തീയതി 03.06.19 | 1 |
| 2013-14,14-15 | കെ.എസ്.എ/കെ.എൻ.ആർ/സി12/ 579/2019 തീയതി 03.06.19 | 3 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി12/ 579/2019 തീയതി 03.06.19 | 18 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി12/ 579/2019 തീയതി 03.06.19 | 17 |
| 2017-18 | കെ എസ് എ/കെ എൻ ആർ/സി2- 278/2019. തീയതി:01.04.19 | 18 |
| 2018-19 | കെ എസ് എ/കെ എൻ ആർ/ സി2- 1454/2019. തീയതി:17.10.19 | 34 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 3

## ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്സ്

| Madayi Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 20015376.61 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1946203.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 166.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 504704.00 |
| 150000000 | Sale & Hire Charges | RP-5 | 124561.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 37271592.00 |
| 171000000 | Interest Earned | RP-9 | 508433.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4227618.00 |
| 350000000 | Other Liabilities | RP-36 | 186385.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 1370.00 |
| 310000000 | Panchayat Fund | RP-28 | 0.0 |
| 311000000 | Earmarked Funds | RP-29 | 53463.00 |
| 340000000 | Deposits Received | RP-34 | 48023.00 |
| 350000000 | Other Liabilities | RP-36 | 269556.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3878087.00 |
| 460000000 | Loans, Advances and Deposits | RP-47 | 250629.00 |
| | Grand total | | 69286166.61 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4954868.00 |
| 220000000 | Administrative Expenses | RP-12 | 1067915.00 |
| 230000000 | Operations & Maintenance | RP-13 | 1537462.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3801993.00 |
| | | | |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | RP-16 | 13992358.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1234674.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 1495695.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 237520.00 |
| 255000000 | Maintenance Projects | RP-20 | 3488530.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 84040.00 |
| 280000000 | Prior Period item | RP-26 | 101336.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1852761.00 |
| 350000000 | Other Liabilities | RP-36 | 7278586.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 30872.00 |
| 280000000 | Prior Period Item | RP-26 | -4652.00 |
| 311000000 | Earmarked Funds | RP-29 | 50000.00 |
| 340000000 | Deposits Received | RP-34 | 79672.00 |
| 350000000 | Other Liabilities | RP-36 | 2241936.00 |
| 410000000 | Fixed Assets | RP-38 | 7467969.00 |
| 412000000 | Capital work in Progress | RP-40 | 3187935.00 |
| 420000000 | Investments | RP-41 | 229915.00 |
| 460000000 | Loans, Advances and Deposits | RP-47 | 1614040.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 13260741.61 |
| Cash | Cash | RP-40(b) | 0.0 |
| | | | |

| | | |
|---|---|---|
| | Grand Total | 69286166.61 |

| Madayi Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5737166.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 166.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 0.0 |
| 140000000 | Fee & User Charges | I-4(b) | 944604.00 |
| 150000000 | Sale & Hire Charges | I-5(b) | 461611.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 78252936.00 |
| 171000000 | Interest Earned | I-8 | 508433.00 |
| 180000000 | Other Income | I-9 | 180095.00 |
| | Total Income | | 86085011.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 13968065.00 |
| 220000000 | Administrative Expenses | I-11(b) | 1489749.00 |
| 230000000 | Operations & Maintenance | I-12(b) | 1624385.00 |
| 240000000 | Interest & Finance Charges | I-13 | 30872.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4831368.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 35667547.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1234674.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1986221.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 24337520.00 |
| 255000000 | Maintenance Projects | I-14(e) | 3488530.00 |
| 260000000 | Grants, Contributions & Compensation from Own Fund / | I-15 | 84040.00 |

| | | | |
|---|---|---|---|
| | Subsidies | | |
| 270000000 | Provisions and Write off | I-16 | 11570.00 |
| 272000000 | Depreciation | I-17(a) | 4254583.00 |
| | Total Expenditure | | 93009124.00 |
| | Gross Surplus/ Deficit of income over Expenditure | | -6924113.00 |
| 280000000 | Prior Period Item | I-18 | -323517.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -6600596.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| Madayi Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 14347918.67 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 20905.00 |
| 312000000 | Reserves | B-3 | 41280186.00 |
| | Total Reserve & Surplus | | 55649009.67 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4550299.84 |
| | Total Grants, Contributions for Specific Purposes | | 4550299.84 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 114142.00 |
| 350000000 | Other Liabilities | B-9 | 1343168.10 |
| | Total Current Liabilities and Provisions | | 1457310.10 |
| | TOTAL LIABILITIES | | 61656619.61 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 63997986.00 |
| 411000000 | Accumulated Depreciation | B-11 | -17494261.00 |
| | | | |

| | | | |
|---|---|---|---|
| 412000000 | Capital Work in Progress | B-11(a) | 54855.00 |
| | Total Fixed Assets | | 46558580.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 244915.00 |
| | Total Investments | | 244915.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 209061.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 13260741.61 |
| 460000000 | Loans, Advances and Deposits | B-18 | 1383322.00 |
| | | | |

| | |
|---|---|
| Total Current Assets, Loans and Advances | 14853124.61 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 61656619.61 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.